**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# MCCL ദിനം 2015

## വിശ്വാസപരിശിലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

ബഹുമാനപ്പെട്ട വൈദീകരെ, സന്യസ്തരെ, സഹോദരി സഹോദരൻമാരെ,

നമ്മുടെ കർത്താവിന്റെ ദൈവാലയ സമർപ്പണ തിരുനാളിനെ (മായൽത്തോ) തുടർന്ന് വരുന്ന ഞായറാഴ്ച ഫെബ്രുവരി 8ന് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ കുട്ടികളുടെ സംഘടനയായ മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (MCCL) ദിനമായി ആചരിക്കുകയാണ്. നമ്മുടെ സഭയുടെ ഭാവി കുട്ടികളിലാണ് എന്ന സത്യം സഭ തിരിച്ചറിയുന്നു. അതുകൊണ്ട് സഭയിലെ കുട്ടികളുടെ വിശ്വാസ പരിശീലനത്തിനും ക്രിസ്തീയ വ്യക്തിത്വ വികസനത്തിനും സഭ ഏറെ പ്രാധാന്യം നല്കുന്നു. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർന്നു വന്ന ബാലനായ യേശുവിനേപ്പോലെ നമ്മുടെ കുട്ടികളും വളരണമെന്നത് സഭയുടെ ആഗ്രഹവും സ്വപ്നവുമാണ്. ഈ ലക്ഷ്യം മുൻനിറുത്തി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കുട്ടികളുടെ സംഘടനാ കൂട്ടായ്മയായ MCCL പ്രവർത്തിച്ചു വരുന്നു.

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ചരിത്രത്തിലെ സുപ്രധാന തീരുമാനമാണ് MCCL രൂപീകരണം. നമ്മുടെ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ കല്പനപ്രകാരം 2010 സെപ്തംബർ 20ന് MCCL സഭയിൽ ഔദ്യോഗികമായി രൂപംകൊണ്ടു. ഇതോടുകൂടെ നമ്മുടെ വിവിധ ഭദ്രാസനങ്ങളിൽ വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്ന കുട്ടികളുടെ എല്ലാ സംഘടനകളും കൂട്ടായ്മകളും MCCL എന്ന ഏകനാമത്തിൽ ഐക്യരൂപം പ്രാപിക്കണമെന്ന് തീരുമാനിച്ചു. സഭയിൽ മുതിർന്നവർക്കായി MCA എന്ന

സംഘടനയും, യുവജനങ്ങൾക്കായി MCYM, കുട്ടികൾക്കായി MCCL എന്ന സംഘടനയും സഭാ വ്യക്തിത്വത്തിലെ ത്രിതല അവസ്ഥയായും അനുഭവമായും സഭ വിഭാവനം ചെയ്യുന്നു. MCAയ്ക്കും MCYMനും തനതായ ഭരണഘടനയും കർമ്മപരിപാടികളും ഉള്ളതുപോലെ MCCLനും ഒരു അംഗീകൃത ഭരണഘടനാ സംവിധാനം ഉണ്ട്.

എന്താണ് MCCL? ആ സംഘടനയുടെ പ്രസക്തി എന്താണ്? ഇതിന്റെ ലക്ഷ്യവും കർമ്മപരിപാടിയും എന്താണ് എന്ന ചോദ്യങ്ങൾ സാധാരണ ഉയർന്നുവരാറുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ കുട്ടികളുടെയും സംഘടനാപരമായ കൂട്ടായ്മയാണ് MCCL. സൺഡേ സ്കൂൾ വഴിയായി വിശ്വാസ പരിശീലനത്തിന്റെ ബൗദ്ധികമായ അറിവ് പങ്കുവയ്ക്കുമ്പോൾ MCCL വഴി വിശ്വാസത്തിന്റെ പ്രായോഗിക പരിശീലനവേദി ആവിഷ്കരിക്കപ്പെടുന്നു. ആയതിനാൽ കുട്ടികളുടെ സഭാത്മകവും പ്രായോഗികവുമായ വിശ്വാസ പരിശീലനത്തിന് MCCL ഊന്നൽ നല്കുന്നു. മതബോധന പാഠ്യവിഷയങ്ങളോടൊപ്പം വിശുദ്ധ വേദപുസ്തകത്തിലെ വ്യക്തികളെക്കുറിച്ചുള്ള പഠനം, സത്യവിശ്വാസം വെല്ലുവിളിയായി ഏറ്റെടുത്ത് അനുദിന ജീവിതസാഹചര്യത്തിൽ ജീവിച്ചവരെപറ്റിയുള്ള അറിവുകൾ, സഭാചരിത്രത്തിലെ വിശുദ്ധരും രക്തസാക്ഷികളുമായ മഹത്വ്യക്തികളെപറ്റിയുള്ള പഠനം; കുട്ടികളുടെ സമഗ്ര വ്യക്തിത്വ വളർച്ചയ്ക്കും നന്മയ്ക്കും ഉതകുന്ന പരിശീലനങ്ങൾ, കുട്ടികളുടെ ധാർമ്മികവും ആന്തരികവുമായ രൂപീകരണത്തെ സഹായിക്കുന്ന കാര്യപരിപാടികൾ; സുവിശേഷാധിഷ്ഠിതവും സഭാത്മകവുമായ ക്രൈസ്തവ ജീവിത പരിശീലനം; സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ അരൂപിയിൽ സാമൂഹിക പ്രതിബദ്ധതയുള്ള കർമ്മപരിപാടികൾ; കുട്ടികളിൽ അന്തർലീനമായ കലാ-സാംസ്കാരിക തലങ്ങളുടെ പരിപോഷണം; വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ആധുനിക വിവര-സാങ്കേതിക മേഖലകളിലെ അനന്തമായ സാധ്യതകളും അപകടങ്ങളും വിവേചിച്ചറിയുവാനുള്ള പരിശീലനം ഇവയെല്ലാം MCCL പ്രസ്ഥാനത്തിന്റെ കർമ്മവേദികളാണ്. അമിതമായ ഭൗതീകവത്കരണം നടക്കുന്ന ആധുനിക ലോക സാഹചര്യത്തിൽ അനുദിന ജീവിതത്തിൽനിന്ന് ദൈവവും വിശ്വാസവും മാറ്റിനിർത്തപ്പെടുന്നു. സഭയേയും സഭാകൂട്ടായ്മയേയും സഭാപാരമ്പര്യങ്ങളേയും ഒഴിവാക്കി വിശ്വാസത്തിന് വൈയത്തീകതലത്തിൽ മാത്രം ഊന്നൽ നൽകുന്ന അപകടകരമായ പ്രബോധനങ്ങളും പ്രസ്ഥാനങ്ങളും നിലപാടുകളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ MCCL പ്രസ്ഥാനത്തിലൂടെ സഭാത്മകമായ വിശ്വാസ കൈമാറ്റ പ്രക്രിയ ആവിഷ്കരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.



ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ എന്നതുപോലെ സൺഡേ സ്കൂൾ പാഠ്യപദ്ധതിയും MCCL പ്രവർത്തനങ്ങളും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കണം. അക്കാരണത്താലാണ് MCCL എന്ന സംഘടന സഭാതലത്തിലും ഭദ്രാസനതലത്തിലും മതബോധന വിശ്വാസ പരിശീലന കമ്മീഷന്റെ കീഴിൽ കാര്യ നിർവഹണം നടത്തുന്നതും. എല്ലാ വർഷവും പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് കുട്ടികളുടെ സഭാതല സംഗമവും നടത്തപ്പെടുന്നു.

MCCL യൂണിറ്റ് എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും രൂപീകരിക്കുകയും സജീവമാക്കുകയും ചെയ്യേണ്ടതാണ്. അതിഭദ്രാസന/ ഭദ്രാസന ഡയറക്ടർ അച്ചന്മാരുടെയും ഇടവക വികാരിമാരുടെയും അതീവ താല്പര്യം ഈ കാര്യത്തിൽ ഉണ്ടാവണം. സൺഡേസ്കൂൾ പ്രധാന അദ്ധ്യാപകർ/ അദ്ധ്യാപകർ/ മാതാപിതാക്കൾ തുടങ്ങിയവരുടെ കൂട്ടായ പരിശ്രമം MCCLന്റെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പരിശുദ്ധ സുനഹദോസ് അംഗീകരിച്ച MCCLന്റെ താല്കാലിക ഭരണഘടനയും മാർഗനിർദ്ദേശങ്ങളും അതിഭദ്രാസന/ ഭദ്രാസന കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതാണ്. MCCL ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാനും ഈ പ്രസ്ഥാനത്തിന്റെ പ്രസക്തി വിശ്വാസ സമൂഹത്തെ പ്രത്യേകിച്ച് കുട്ടികളെ ബോധ്യപ്പെടുത്തുവാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ. വി. കുർബാനയിലെ സമർപ്പണം, സമ്മേളനം, പൊതു പഠനവേദികൾ, കുട്ടികളുടെ പരിപാടികൾ തുടങ്ങിയവ അന്നേ ദിവസം ക്രമീകരിക്കേണ്ടതാണ്. എല്ലാ ഇടവകകൾക്കും MCCL പോസ്റ്ററും സജ്ജമാക്കിയിട്ടുണ്ട്

കുട്ടികളുടെ വിശ്വാസ പരിശീലനം എന്ന ശ്രേഷ്ഠമായ ദൗത്യത്തിൽ ത്യാഗപൂർവ്വം പങ്കുചേരുന്ന എല്ലാവർക്കും സഭയുടെ നാമത്തിൽ നന്ദി അർപ്പിക്കുന്നു. ഏവരുടേയും പ്രാർത്ഥനാ പൂർവ്വമായ സഹായസഹകരണങ്ങൾ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

**✠ഫിലിപ്പോസ് മാർ സ്തേഫാനോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ

27.01.2015
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

N.B. ഈ സർക്കുലർ MCCL ദിനമായ ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.